**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1096** **29-08-2022 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് വർക്കിംഗ് കലണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റി അശാസ്ത്രീയമായി നടത്തുന്ന അറ്റകുറ്റപ്പണികളും കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതും റോഡുകളിൽ കുഴികൾ രൂപപ്പെടുന്നതിന് ഒരു പ്രധാന കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതു മൂലം റോഡുകളിൽ കുഴികൾ രൂപപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് പുന:സ്ഥാപന തുക ബന്ധപ്പെട്ട വകുപ്പുകളിലൊടുക്കിയ ശേഷമാണ് റോഡ് കുഴിക്കാറുള്ളത്. പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം കുഴികൾ മൂടി താല്ക്കാലിക റോഡ് പുന:സ്ഥാപന പ്രവൃത്തികൾ നടത്തി റോഡ് ഗതാഗത യോഗ്യമാക്കാറുണ്ട്. സ്ഥായിയായ പുന:സ്ഥാപന പ്രവൃത്തികൾ ബന്ധപ്പെട്ട വകുപ്പുകളാണ് ചെയ്യേണ്ടത്. ഇതിനെടുക്കുന്ന കാലതാമസമാണ് കുഴികൾ രൂപപ്പെടുന്നതിനുള്ള പ്രധാന കാരണം. റോഡുകളുടെ ഉടമസ്ഥാവകാശം നിക്ഷിപ്തമായിരിക്കുന്ന PWD, KRFB, NHAI തുടങ്ങിയ ഏജൻസികൾ അംഗീകരിച്ച് തരുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ടി ഏജൻസിക്കു അടയ്ക്കുന്ന മുറയ്ക്കാണ് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിരുന്നത്. കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലികളുമായി ബന്ധപ്പെട്ട പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ തുക അതത് വകുപ്പുകളിൽ ഒടുക്കുകയാണ് ചെയ്തു വന്നിരുന്നത്. അറ്റകുറ്റ പണികൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള ഉത്തരവാദിത്തം അതത് ഡിപ്പാർട്ട്മെന്റുകൾക്കും ആയിരുന്നു.<br><br>എന്നിരുന്നാലും പുതുതായി കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതു വഴി തകരാറിലാകുന്ന റോഡുകളുടെ അറ്റകുറ്റ പണികൾ കാൽനടയാത്രക്കാർക്കും വാഹന |

| | | | |
|---|---|---|---|
| | | | ഗതാഗതത്തിനും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ കേരള വാട്ടർ അതോറിറ്റി താൽക്കാലികമായി പുനരുദ്ധാരണം നടത്താറുണ്ട്.<br><br>24.02.2022 ലെ G.O(MS) No.8/2022/PWD പ്രകാരം പൊതുമരാമത്ത് റോഡുകളിൽ പൈപ്പിട്ട ശേഷം റോഡ് പുന:സ്ഥാപിക്കുന്ന ചുമതല വാട്ടർ അതോറിറ്റിയ്ക്ക് നല്കി ഉത്തരവായിട്ടുണ്ട്. മേല്പടി ഉത്തരവ് പ്രകാരം, പൈപ്പ് ലൈൻ പ്രവൃത്തികളുടെ കരാർ തുകയിൽ റോഡുകളുടെ അറ്റകുറ്റ പണിയ്ക്കുള്ള തുക കൂടെ ഉൾപ്പെടുത്തിയാണ് നല്കിവരുന്നത്.<br><br>പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തിയോടൊപ്പം നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് റോഡ് പുന:സ്ഥാപന പ്രവൃത്തികൾ സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | റോഡുകളിലെ കുഴികളിൽ വീണ് നിരവധിപേർക്ക് ജീവൻ നഷ്ടപ്പെടുകയും പരിക്കേൽക്കുകയും ചെയ്യുന്ന നിലവിലെ സാഹചര്യത്തിൽ പുതിയതായി ടാർ ചെയ്യുന്ന റോഡുകൾ ഉൾപ്പെടെ കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി വെട്ടിപ്പൊളിക്കുന്ന രീതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) | ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളമെത്തിക്കുകയെന്നതും, ഗതാഗത സൗകര്യമൊരുക്കുകയെന്നതും പരമ പ്രധാനമായ കാര്യങ്ങളാണ്. കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുവാൻ പ്രത്യേകമായി സൗകര്യമില്ലാത്തതിനാൽ അത് പൊതുവഴികളിലൂടെയാണ് സ്ഥാപിച്ചു വരുന്നത്. കുടിവെള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ട സാഹചര്യത്തിൽ റോഡുകൾ കുഴിച്ച് പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയെന്നത് ഒഴിവാക്കാനാവില്ല. നിലവിൽ ടാറിംഗ് റോഡിന് അരികിലൂടെ Berm മുറിച്ച് പൈപ്പ് സ്ഥാപിക്കുവാനാണ് വാട്ടർ അതോറിറ്റി കൂടുതലും ശ്രമിക്കാറുള്ളത്. അത്തരം പ്രവൃത്തി സാധ്യമല്ലാത്ത ഘട്ടത്തിൽ മാത്രമേ റോഡ് വെട്ടിപ്പൊളിക്കുന്ന രീതി അവലംബിക്കാറുള്ളൂ. റോഡ് പുന:സ്ഥാപന തുക ബന്ധപ്പെട്ട വകുപ്പുകളിലൊടുക്കി അനുമതി ലഭിച്ച ശേഷമേ കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുകയുള്ളൂ. പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം താൽക്കാലിക പുന:സ്ഥാപന പ്രവൃത്തികൾ നടത്താൻ ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കാറുണ്ട്. ചില പദ്ധതികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തിയോടൊപ്പം നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് റോഡ് പുന:സ്ഥാപന പ്രവൃത്തികളും ഉൾപ്പെടുത്താറുണ്ട്. വെട്ടിപ്പൊളിച്ച റോഡുകളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഭാവിയിൽ വെട്ടിപ്പൊളിക്കുന്ന റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള ചുമതല വാട്ടർ അതോറിറ്റിയ്ക്ക് നല്കുകയും അതിനുവേണ്ട തുക എസ്റ്റിമേറ്റിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്. റോഡ് വെട്ടിപ്പൊളിക്കുന്നതിന് പകരമായി റോഡിനോട് ചേർന്ന് ഡക്റ്റുകൾ സ്ഥാപിക്കുകയോ, പൈപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുകയോ ചെയ്യുന്നതാണ്. |
| (സി) | മേൽപ്പറഞ്ഞ പ്രകാരം വിവിധ പ്രവർത്തനങ്ങൾക്കായി റോഡ് കുഴിക്കുമ്പോൾ പ്രസ്തുത റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ഫണ്ട് കൂടി അനുവദിച്ച് നൽകുന്നുണ്ടോ; പ്രസ്തുത പ്രവൃത്തികൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (സി) | പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിനോടൊപ്പം റോഡ് പുന:സ്ഥാപന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തിയാണ് പദ്ധതികൾക്ക് ഭരണാനുമതി നല്കാറുള്ളത്. റോഡ് പുന:സ്ഥാപന പ്രവൃത്തിയുടെ തുക ബന്ധപ്പെട്ട വകുപ്പുകളിലൊടുക്കി അനുമതി ലഭിച്ച ശേഷമേ റോഡ് കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കാറുള്ളൂ. ചില പദ്ധതികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തിയോടൊപ്പം നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് റോഡ് പുന:സ്ഥാപന പ്രവൃത്തികളും ഉൾപ്പെടുത്താറുണ്ട്. ഇത്തരം പദ്ധതികളിൽ റോഡ് പുന:സ്ഥാപന പ്രവൃത്തികൾ സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | റോഡുകളിൽ കുടിവെള്ള പൈപ്പുകളും മറ്റും സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുമായി ചേർന്ന് ഒരു വർക്കിംഗ് കലണ്ടർ തയ്യാറാക്കുന്നതിനും അതിനനുസൃതമായി സമയബന്ധിതമായും സുരക്ഷിതമായും പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും കർമപദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | റോഡുകളിൽ കുടിവെള്ള പൈപ്പുകളും മറ്റും സ്ഥാപിക്കുന്നതിന് കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന കോ-ഓർഡിനേഷൻ കമ്മിറ്റികളിൽ പൊതുമരാമത്ത് വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുമായി ചേർന്ന് വർക്കിംഗ് കലണ്ടർ തയ്യാറാക്കാറുണ്ട്. നിലവിൽ റോഡ് കുഴിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷ സമർപ്പിക്കുന്നതിനും തുടർ നടപടികൾക്കുമായി ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതിനായി വാട്ടർ അതോറിറ്റിയുടെ വിവിധ പ്രവൃത്തികൾക്കു വേണ്ടി റോഡ് മുറിക്കുന്നതിനുള്ള അപേക്ഷ MORTH/NHAI/SUGAMA (RoW)/e-pmg എന്നീ പോർട്ടലുകളിൽ രേഖപ്പെടുത്തുകയും അനുമതിക്കായി അപേക്ഷിക്കുകയും ചെയ്യാറുണ്ട്. അതിനുപരിയായി കേരള വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടർ തലത്തിലും പൊതുമരാമത്ത് വകുപ്പുമായും മറ്റ് ഏജൻസികളുമായും ആവശ്യം വരുന്ന ഘട്ടങ്ങളിൽ യോഗം ചേർന്ന് സമയബന്ധിതമായും സുരക്ഷിതമായും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ